प्रेस प्रकाशनी പ്രസ്സ് റിലീസ്

भारतीय रिज़र्व बैंक
റിസർവ് ബാങ്ക് ഓഫ് ഇന്ത്യ

वेबसाइट : www.rbi.org.in/hindi
വെബ്സൈറ്റ് : www.rbi.org.in

ई-मेल/ ഇമെയിൽ : helpdoc@rbi.org.in

संचार विभाग, केंद्रीय कार्यालय, शहीद भगत सिंह मार्ग, फोर्ट, मुंबई - 400 001
ആശയവിനിമയ വകുപ്പ്, കേന്ദ്ര ഓഫീസ് , ഷാഹിദ് ഭഗത് സിംഗ് മാർഗ് , ഫോർട്ട്, മുംബൈ- 400 001 फोन/ഫോൺ : 022 - 2266 0502

Azadi Ka Amrit Mahotsav

നവംബർ 20, 2023

## റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, കൊൽക്കത്തയിലെ സാപ്പേഴ്സ് ഫൈനാൻസ് ആൻഡ് കൺസൾട്ടൻസി പ്രൈവറ്റ് ലിമിറ്റഡിനു മേൽ പണപ്പിഴ ചുമത്തി

ബാങ്കിതര ധനകാര്യ കമ്പനികളുടെ (എൻബിഎഫ്സി) നിയന്ത്രണം ഏറ്റെടുക്കൽ/കൈമാറ്റം ചെയ്യുന്ന സന്ദർഭങ്ങളിൽ ആർബിഐയുടെ മുൻകൂർ അനുമതി നേടേണ്ടതിന്റെ ആവശ്യകത, നോൺ-ബാങ്കിംഗ് ഫിനാൻഷ്യൽ കമ്പനി റിട്ടേൺസ് (റിസർവ് ബാങ്ക്) നിർദ്ദേശങ്ങൾ, 2016 എന്നിവയ്ക്കൊപ്പം എൻബിഎഫ്സികൾ സമർപ്പിക്കേണ്ട 'സ്റ്റാറ്റ്യൂട്ടറി ഓഡിറ്റേഴ്സ്' സർട്ടിഫിക്കറ്റിന്റെ (എസ്.എ.സി) ഫോർമാറ്റിൽ ആർബിഐ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ എന്നീ വസ്തുതകളിൽ റിസർവ് ബാങ്കിന്റെ മാർഗ്ഗരേഖകൾ പാലിക്കാത്തതിന് 2023 നവംബർ 02 ലെ ഉത്തരവു പ്രകാരം കൊൽക്കത്തയിലെ സാപ്പേഴ്സ് ഫൈനാൻസ് ആൻഡ് കൺസൾട്ടൻസി ലിമിറ്റഡിനു (കമ്പനി) മേൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർ.ബി.ഐ), 1,50,000/- രൂപ (ഒരു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) പിഴ ചുമത്തി. 1934 ലെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യാ ആക്ടിലെ സെക്ഷൻ 58 ജി (1) ബി, എന്നിവയ്ക്കൊപ്പം സെക്ഷൻ 58 ബി (5) (എഎ) വകുപ്പുകൾ പ്രകാരം ആർ. ബി.ഐ.യിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങൾ ഉപയോഗിച്ചാണ് ഈ പിഴ ചുമത്തിയിരിക്കുന്നത്.

ഈ നടപടി ആർ ബി ഐ നിയന്ത്രണങ്ങൾ പാലിക്കുന്നതിലെ വീഴ്ച കണക്കിലെടുത്തു മാത്രമാണ്, അല്ലാതെ കമ്പനി അവരുടെ ഉപഭോക്താക്കളുമായി/ഇടപാടുകാരുമായി നടത്തിയിട്ടുള്ള ഇടപാടുകളുടെയോ ഉടമ്പടികളുടെയോ സാധുതയെക്കുറിച്ചുള്ളതല്ല.

**പശ്ചാത്തലം**

ഒരു സൂചന ലഭിച്ചതിൻപ്രകാരം ആർബിഐ നടത്തിയ നിയമപരമായ പരിശോധനയിൽ, മറ്റു കാര്യങ്ങളുടെ കൂട്ടത്തിൽ, പ്രസ്തുത കമ്പനി (i) മാനേജ്മെന്റ് മാറ്റത്തിന് ആർബിഐയുടെ മുൻകൂർ അനുമതി വാങ്ങുന്നതിൽ പരാജയപ്പെട്ടു (ii) നിയമാനുസൃതമായ റിട്ടേണുകളും സ്റ്റാറ്റ്യൂട്ടറി ഓഡിറ്ററുടെ സർട്ടിഫിക്കറ്റും ആർബിഐക്ക് സമർപ്പിക്കുന്നതിൽ പരാജയപ്പെട്ടു എന്ന് വെളിപ്പെട്ടു. അതിനനുസരിച്ച്, നിർദ്ദേശങ്ങൾ അതിൽ പറഞ്ഞിരിക്കുന്നതുപോലെ പാലിക്കുന്നതിൽ പരാജയപ്പെട്ടതിന് പിഴ ചുമത്താതിരിക്കുവാനുള്ള കാരണം കാണിക്കാൻ നിർദ്ദേശിച്ച് ബാങ്കിന് ഒരു നോട്ടീസ് നൽകുകയുണ്ടായി.

നോട്ടീസിനുള്ള ബാങ്കിന്റെ മറുപടിയും വ്യക്തിപരമായ ഹിയറിംഗിനിടെ നൽകിയ വാക്കാലുള്ള സമർപ്പണങ്ങളും പരിഗണിച്ചതിന് ശേഷം, മുൻപറഞ്ഞ ആർ.ബി.ഐ നിർദ്ദേശങ്ങൾ പാലിക്കാത്തതായുള്ള ആരോപണം നിലനിൽക്കുന്നതാണെന്നും പണപ്പിഴ ചുമത്തേണ്ടതുണ്ടെന്നും ആർ.ബിഐ നിഗമനത്തിലെത്തി.

**(യോഗേഷ് ദയാൽ)**
ചീഫ് ജനറൽ മാനേജർ

**പത്രക്കുറിപ്പ് :2023-2024/1322**